## ***പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ***

***വിഷയം:–*** ജീവനക്കാര്യം – പഞ്ചായത്ത് വകുപ്പ് – ടൈപ്പിസ്റ്റ് തസ്തികയിലെ കേഡർ സ്ട്രെംഗ്ത് പുനർ നിർണ്ണയിച്ചും റേഷ്യോ പ്രൊമോഷൻ അനുവദിച്ചും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

***പരാമർശം:–*** 1. പഞ്ചായത്ത് ഡയറക്ടറുടെ 15.3.2011–ലെ ഇ10–34046/2009–ാം നമ്പർ ഉത്തരവ്.
2. ജി.ഒ.(പി) 85/2011/ധന നമ്പർ തീയതി 26.2.2011.

***ഉത്തരവ് നമ്പർ ഇ10 – 34046/2009 തീയതി: 24.01.2012***

പരാമർശം (1) ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിലെ ടൈപ്പിസ്റ്റ് തസ്തികയിൽ 11.10.2010 വരെയുള്ളവരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പരാമർശം (2) ശമ്പള പരിഷ്ക്കരണ ഉത്തരവിൽ 8390–13270 രൂപ ശമ്പള നിരക്കിൽ ഉണ്ടായിരുന്ന സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയും 7990–12930 രൂപ ശമ്പള നിരക്കിൽ ഉണ്ടായിരുന്ന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയും സംയോജിപ്പിച്ച് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്ന ഒറ്റ തസ്തികയാക്കുകയും ആയതിന് പുതുക്കിയ നിരക്കായി 14620–25280 രൂപ ശമ്പള നിരക്ക് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നിവയുടെ അനുപാതം 1:1:1 ആയി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പുതുക്കിയ റേഷ്യോ അനുസരിച്ചുള്ള പ്രൊമോഷനുകൾ/ആനുകൂല്യങ്ങൾക്ക് 01.02.2011 തീയതി മുതൽ പ്രാബല്യമാണ് നൽകിയിട്ടുള്ളത്.

പഞ്ചായത്ത് വകുപ്പിൽ ആകെ 107 (നൂറ്റി ഏഴ്) ടൈപ്പിസ്റ്റ് തസ്തികകളാണുള്ളത്. പുതുക്കിയ 1:1:1 അനുപാത പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ ആകെ എണ്ണം 35 ആയും യു.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ 36 ആയും എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ 36 ആയും കേഡർ സ്ട്രെംഗ്ത് പുനർ നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽപറഞ്ഞ പ്രകാരം കേഡർ സ്ട്രെംഗ്ത് പുനർ നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക എ–യിൽ പറയുന്ന 18 പേർക്ക് 01.02.2011 തീയതി പ്രാബല്യത്തിലും, പട്ടിക ബി–യിൽ പറയുന്ന 4 പേർക്ക് 01.04.2011 തീയതി പ്രാബല്യത്തിലും 14620–25280 രൂപ ശമ്പള നിരക്കിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്മാരായും പട്ടിക സി–യിൽ പറയുന്ന 5 പേർക്ക് 01.04.2011 തീയതി പ്രാബല്യത്തിൽ 13210–22360 രൂപ ശമ്പള നിരക്കിൽ യു.ഡി. ടൈപ്പിസ്റ്റുമാരായും റേഷ്യോ പ്രൊമോഷൻ അനുവദിച്ചും ഉത്തരവാകുന്നു.

ടിയാളുകൾ പരാമർശം (2) ശമ്പള പരിഷ്ക്കരണ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരമുള്ള ഓപ്ഷൻ ഫാറം പൂരിപ്പിച്ച് ഒരു മാസത്തിനകം ആഫീസ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

***(ഒപ്പ്)***
***കെ.ആർ.മുരളീധരൻ ഐ.എ.എസ്.***
***പഞ്ചായത്ത് ഡയറക്ടർ***

***പകർപ്പ്:***
വ്യക്തികൾക്ക്
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
സൂപ്രണ്ട്, എ/ഫെയർ കോപ്പി സെക്ഷൻ
എ2 സീറ്റ്/ബിൽ
ഡയറക്ടറുടെ/അഡീഷണൽ ഡയറക്ടറുടെ സി.എയ്ക്ക്
കരുതൽ ഫയൽ/അധികം

***ആജ്ഞാനുസരണം***

***സൂപ്രണ്ട്***

ഐ.കെ

**പട്ടിക എ**

***(സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് 01.02.2011 മുതൽ പ്രാബല്യം)***

| *ക്രമ നമ്പർ* | പേരും ആഫീസും | ജനന തീയതി |
|---|---|---|
| *1.* | എൻ.എ.ഉഷാകുമാരി<br>ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | 30.5.1964 |
| *2.* | പോൾ.റ്റി.ചാണ്ടി<br>ജില്ലാ പഞ്ചായത്ത്, ഇടുക്കി | 9.5.1966 |
| *3.* | എം.ആർ.രാധാമണി<br>പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടർ ആഫീസ്, കണ്ണൂർ | 2.2.1968 |
| *4.* | ബീന കോട്ട<br>ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 20.01.1969 |
| *5.* | പി.വി.വിനോദ്കുമാർ | 31.5.1969 |
| *6.* | റ്റി.വഹീദ<br>പഞ്ചായത്ത് അസിസ്റ്റന്റ്<br>ഡയറക്ടർ ആഫീസ്, കണ്ണൂർ | 1.5.1969 |
| *7.* | ഡി.ജെ.മഗ്ദൽ വയോലിൻ<br>പഞ്ചായത്ത് ഡയറക്ടറേറ്റ് | 6.2.1966 |
| *8.* | എ.പൊടിയൻ<br>ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 8.4.1959 |
| *9.* | പി.ലിസ്സി<br>പഞ്ചായത്ത് ഡയറക്ടറേറ്റ് | 3.5.1964 |
| *10.* | കെ.എ.ഗീതാകുമാരി<br>പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടർ ആഫീസ്,<br>പത്തനംതിട്ട | 15.4.1962 |
| *11.* | വത്സമ്മ ദേവസി<br>പഞ്ചായത്ത് അസിസ്റ്റന്റ്<br>ഡയറക്ടർ ആഫീസ്,<br>എറണാകുളം | 28.3.1957 |
| *12.* | കെ.കെ.സുഷമ<br>പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടർ ആഫീസ്,<br>എറണാകുളം | 10.5.1970 |
| *13.* | ബി.ദിലീപ്കുമാർ<br>പഞ്ചായത്ത് ഡയറക്ടറേറ്റ് | 31.5.1966 |

| | | |
|---|---|---|
| *14.* | പി.ദിനമണി<br>ജില്ലാ പഞ്ചായത്ത്, ആലപ്പുഴ | 24.3.1966 |
| *15.* | കെ.റ്റി.ഭരതൻ<br>പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടർ ആഫീസ്, മലപ്പുറം | 8.5.1963 |
| *16.* | ജെ.സാജിതാബീവി<br>പഞ്ചായത്ത് ഡയറക്ടറേറ്റ് | 24.11.1966 |
| *17.* | കെ.എസ്.മുരളി<br>പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടർ ആഫീസ്, കോട്ടയം | 15.5.1963 |
| *18.* | എൽ.രാധാമണി<br>പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടർ ആഫീസ്, ഇടുക്കി | 20.11.1959 |

## ***പട്ടിക ബി***

### ***(സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് 01.04.2011 മുതൽ പ്രാബല്യം)***

| *ക്രമ നമ്പർ* | പേരും ആഫീസും | ജനന തീയതി |
|---|---|---|
| *1* | പി.ആയിഷാബീവി<br>ജില്ലാ പഞ്ചായത്ത് , മലപ്പുറം | 8.12.1965 |
| *2* | റോസമ്മചാക്കോ<br>ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 28.1.1961 |
| *3* | കെ.ഉഷാകുമാരി<br>ജില്ലാ പഞ്ചായത്ത്, കൊല്ലം | 30.11.1956 |
| *4* | പി.ഷീജ<br>പഞ്ചായത്ത് അസിസ്റ്റന്റ്<br>ഡയറക്ടർ ആഫീസ്, ആലപ്പുഴ | 27.5.1964 |

## പട്ടിക സി

### (യു.ഡി. ടൈപ്പിസ്റ്റ് 01.04.2011 മുതൽ പ്രാബല്യം)

| ക്രമ നമ്പർ | പേരും ആഫീസും | ജനന തീയതി |
|---|---|---|
| 1 | സനില.എസ്<br>പഞ്ചായത്ത് അസിസ്റ്റന്റ്<br>ഡയറക്ടർ ആഫീസ്, കൊല്ലം | 12.05.1982 |
| 2 | സി.വി.സ്മിത<br>ജില്ലാ പഞ്ചായത്ത്, എറണാകുളം | 08.05.1982 |
| 3 | ഷീബ ജാസ്മിൻ<br>പഞ്ചായത്ത് ഡയറക്ടറേറ്റ് | 20.05.1975 |
| 4. | ഇന്ദുകല.ഐ<br>പഞ്ചായത്ത് ഡയറക്ടറേറ്റ് | 07.05.1976 |
| 5 | അർച്ചന വിജയൻ<br>പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടർ ആഫീസ്, കോട്ടയം | 10.04.1979 |

ഐ.കെ